(ബി) പൂർണ്ണ അവകാശം കേരളത്തിനാണ്, ഈ അവകാശം റെഗുലേറ്ററി കമ്മീഷൻ എടുത്തു കളഞ്ഞിട്ടില്ല.

(സി) തമിഴ്നാട് കായംകുളത്തു നിന്നുള്ള വൈദ്യുതി കുറഞ്ഞ വിലയ്ക്കല്ല വാങ്ങുന്നത്. എന്നാൽ കായംകുളത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ഉയർന്ന നിരക്ക് പരിഹരിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ 180 മെഗാ വാട്ട് കിഴക്കൻ മേഖലയിൽ നിന്നും ഊർജ്ജമന്ത്രാലയം, തമിഴ്നാടിന് അനുവദിച്ചിട്ടുണ്ട്. അതുപോലെ തന്നെ കേരളത്തിന്റെ ആവശ്യപ്രകാരം 180 മെഗാ വാട്ട് കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി താൽച്ചൽ സൂപ്പർ താപനിലയത്തിൽ നിന്നും കേരളത്തിനും, കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ തമിഴ്നാടിന് കേരളത്തിൽനിന്നും അനുവദിച്ച വൈദ്യുതി താല്കാലികമായതിനാൽ കേരളത്തിനുള്ള പ്രത്യേക അവകാശം നഷ്ടപ്പെടുകയില്ല.

ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് ഇളവ്

69 [370] ശ്രി. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ഗാർഹിക ഉപഭോക്താക്കളുടെ ഡിപ്പോസിറ്റ് സംഖ്യ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വൈദ്യുതി ചാർജ്ജ് ഇളവ് നൽകും എന്ന പ്രഖ്യാപനം എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1-1-2006 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനവും അനന്തര ഫലങ്ങളും

70 [371] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം ഇലക്ട്രിസിറ്റി ബോർഡിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് മൊത്തം എത്ര കോടി രൂപയുടെ എത്ര വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തുകയുണ്ടായി;

(ബി) ഈ കണ്ടെത്തലുകളുടെ [illegible] ബോർഡിൽ ഇതിനകം എത്ര കോടി രൂപ ലഭിക്കുകയുണ്ടായി.;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി മോഷണം കണ്ടെത്തിയ എത്ര കേസുകളിൽ വിച്ഛേദിച്ച എത്ര കണക്ഷനുകൾ പുനഃസ്ഥാപിച്ച് കൊടുക്കുകയുണ്ടായി;

(ഡി) വൈദ്യുതി മോഷണം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 56,15,69,323 രൂപയുടെ 1464 വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) 24,66,42,119 രൂപ ലഭിച്ചു.

(സി) 1464 കേസുകളിൽ 1433 ഉപഭോക്താക്കളുടെ കണക്ഷൻ പുനഃസ്ഥാപിച്ചുകൊടുക്കുകയുണ്ടായി.

(ഡി) ഉണ്ട്.

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി യോജന സ്കീം

71 [374] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി. വൈ. (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി യോജന) സ്കീമിൽ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക അനുവദിച്ചുകിട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ ജില്ലക്കും അനുവദിച്ച തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർ. ജി. ജി. വി. വൈ. പദ്ധതി സംസ്ഥാനത്തെ 7 ജില്ലകളിൽ നടപ്പാക്കുന്നതിന് പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ. ഇ. സി.-യിൽ നിന്നും 221.75 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആദ്യഗഡു ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുക പൂവടെ ചേർക്കുന്നു:

---

(372), (373) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly